പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3479 — 12.12.2014 ലെ മറുപടിയ്ക്ക്

## കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ** | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രത്യേക പാക്കേജുകൾ ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കൃഷി അനുബന്ധ മേഖലകളിലെ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2012-2013 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഒരു സമഗ്രവികസന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ആയതിൽ ഏതൊക്കെ പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ആനുകൂല്യം എത്ര കർഷകർക്ക് ലഭിച്ചുവെന്ന് പാക്കേജ് തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ? | (ബി) | വയനാട് പാക്കേജ് എന്ന പേരിലുള്ള സംസ്ഥാന പ്ലാൻ പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജ് പദ്ധതി പ്രകാരം 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 120284 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ